**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **11-06-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ-സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അതിലൂടെ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുമായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്;<br><br>സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം ആകർഷിക്കുന്നതിന് കിൻഫ്ര നടത്തിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:<br><br>1. പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ ,കൊച്ചി<br><br>2. കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെ.ബി.ഐ.സി), പാലക്കാട് &<br><br>കൊച്ചി<br><br>3. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം (ഘട്ടം II) കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം<br><br>4. ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്<br><br>5. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി<br><br>6. ഇൻറർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെൻറർ (ഐഇസിസി) കാക്കനാട്, കൊച്ചി<br><br>7. കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ<br><br>8. വ്യാവസായിക ജലവിതരണം, പാലക്കാട്, കൊച്ചി<br><br>9. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br><br>10. കിൻഫ്ര മെഗാഫുഡ് പാർക്ക് (ഘട്ടം II), പാലക്കാട് |

| | | | |
|---|---|---|---|
| | | | 11. വിവിധ സ്ഥലങ്ങളിലെ ചെറുകിട ഭക്ഷ്യോത്പാദന പദ്ധതികൾ<br><br>12. കണ്ണൂരിലെ ലാൻഡ് ബാങ്ക്<br><br>കിൻഫ്ര വ്യവസായ പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് അനുബന്ധ അനുമതികൾ ലഭിക്കുന്നതിനായി അതാത് പാർക്കുകളിൽതന്നെ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി അവരുടെ സംരംഭങ്ങൾക്ക് ആവശ്യമായ അനുമതികൾ സമയബന്ധിതമായിതന്നെ ലഭ്യമാക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. കൂടാതെ വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് പാർക്ക് തലത്തിലും സോണൽ തലത്തിലും ഹെഡ് ഓഫീസിലുമായി ത്രിതല സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പൊതുമേഖലയിലെ വ്യവസായ പാർക്കുകൾക്ക് പുറമെ സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള തീരുമാനം നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ മേഖലയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ 02-06-2023-ലെ G.O.(MS)No. 36/2023/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്; വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 16 അപേക്ഷകർക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. 6 അപേക്ഷകൾക്ക് കൂടി ഡെവലപ്പർ പെർമിറ്റ് നൽകുവാൻ വകുപ്പ് സെക്രട്ടറിമാരുടെ സംസ്ഥാനതല സമിതി തീരുമാനിച്ചിട്ടുമുണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉത്തേജനം നൽകുന്ന ഒരു വ്യവസായ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയരേഖയിൽസഹകരണമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങളിലൂടെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് കൺസോർഷ്യം രൂപീകരിച്ചോ സ്വന്തമായോ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. |
| (സി) | സഹകരണ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള കരട് വ്യവസ്ഥകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടേയും സ്ഥാപനങ്ങളുടേയും അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യാവസായിക വികസനത്തിനായി |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സഹകരണ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ